**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1389** **19-09-2025 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബിയുടെ ഫണ്ട് ഉപയോഗിച്ച് നിർമിച്ച പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ കിഫ്‌ബി വഴി എത്ര പാലങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിൽ കിഫ്‌ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 97 പാലങ്ങൾക്ക് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. അതിൽ 21 പാലങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതും 44 പാലങ്ങൾ പുരോഗമിക്കുന്നതും, ശേഷിച്ച പ്രവൃത്തികളുടെ ഭൂമി ഏറ്റെടുക്കൽ, സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ തുടങ്ങിയവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു.<br><br>2016 മുതൽ ആർ.ബി.ഡി.സി.കെ മുഖേന നടപ്പിലാക്കുന്ന 69 പാലങ്ങൾക്കായി കിഫ്‌ബി ഫണ്ട് അനുവദിച്ചിട്ടുള്ളതാണ്. ഇവയിൽ 6 പാലങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 8 പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള 55 പാലങ്ങളുടെ നിർമ്മാണത്തിനുള്ള റെയിൽവേയുടെ ഡ്രോയിംഗ് അംഗീകാരം, ഭൂമി ഏറ്റെടുക്കൽ നടപടികൾ, ടെണ്ടർ നടപടികൾ എന്നിവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ബി) | ഇതിൽ എത്ര പാലങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര പാലങ്ങൾ പൂർത്തീകരിക്കാൻ ഉണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | എ പിരിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ